LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

**റൂസ ഫണ്ട് ലഭ്യമാക്കാൻ നടപടി**

11 (8876) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റൂസ പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകാത്തതു കാരണം കേന്ദ്രഫണ്ട് നഷ്ടമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇത് റൂസ പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

റൂസയ്ക്കുവേണ്ടിയുള്ള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 35 % സംസ്ഥാനം വിഹിതം ഉൾപ്പെടെ അനുവദിച്ച 8 കോടി രൂപയിൽ കേന്ദ്ര വിഹിതത്തിന്റെ 50% ആയ 2.60 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുള്ളത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-7-2014-വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 35% വിഹിതം വഹിക്കാമെന്ന കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് സംസ്ഥാന ഗവണ്മെന്റ് സമ്മതപത്രം നൽകിയിട്ടുള്ളതിനാൽ തുക നഷ്ടപ്പെടുകയില്ല.

**സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി**

12 (8877) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) സ്ഥാപിക്കുന്നത് സംബന്ധിച്ച സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായാണ് ഇത് സ്ഥാപിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സഹായകമായ ചട്ടക്കൂടിന് രൂപം നൽകുക, സ്വയം മൂല്യനിർണ്ണയം, സ്വയംഭരണം എന്നിവ പ്രോത്സാഹിപ്പിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗവേഷണവും നവീന ആശയങ്ങളും പ്രയോജനപ്പെടുത്തുന്നതിന് സർവ്വകലാശാലകൾക്കും കോളേജുകൾക്കും പ്രോചോദനം നൽകുക, ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളെയും ബന്ധപ്പെട്ടവരെയും ഗുണമേന്മാ നിർണ്ണയത്തിൽ പങ്കാളികളാക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികമായ ലക്ഷ്യങ്ങൾ രൂപീകരിക്കുക, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകരുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് സ്റ്റേറ്റ് ലെവൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി&ഡി) ഒരു സ്വതന്ത്ര ഏജൻസിയായി കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഏരിയ ഇന്റൻസീവ് പദ്ധതി

13 (6878) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഈ പദ്ധതി അനുസരിച്ച് നിലവിൽ എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) താമരശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ കൊടുവള്ളി ശംസുൽഉലമാ മെമ്മോറിയൽ റിയാളുസ്വാലിഹീൻ കമ്മിറ്റി പെൺകുട്ടികൾക്കുള്ള ഹയർ സെക്കണ്ടറി സ്കൂളിന് അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്കൂൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?